**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4510** **18.05.2017 ൽ മറുപടിക്ക്.**

# വിൽപ്പന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ഡോ.ടി.എം.തോമസ് ഐസക്ക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
| വിൽപ്പന നികുതി വകുപ്പ് ആധുനികവൽക്കരിക്കുന്നതിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ? | 1. വാണിജ്യ നികുതി വകുപ്പിന്റെ ഇ-ഗവേണൻസ് സംവിധാനത്തിന്റെ നട്ടെല്ലായ കെ-വാറ്റിസിന്റെ പഴക്കം ചെന്ന സർവ്വറുകൾ മാറ്റി പുതിയ ശേഷി കൂടിയ സർവറുകൾ സ്ഥാപിച്ച് സേവനങ്ങൾ മെച്ചപ്പെടുത്തി.<br><br>2. ജി.എസ്.ടി യിലേയ്ക്കുള്ള മാറ്റത്തിനുള്ള തയ്യാറെടുപ്പുകൾ നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ഓഫീസിൽ ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രക്രിയ നടന്നു വരുന്നു.<br><br>3. സോഫ്റ്റ് വെയർ ഡവലപ്മെന്റിനു വേണ്ടി NIC യുമായി ചേർന്ന് ഒരു ഡവലപ്മെന്റ് സെന്റർ വകുപ്പിൽ രൂപീകരിക്കുകയും ഇതിലേയ്ക്കായി സാങ്കേതിക വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് സോഫ്റ്റ് വെയറിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>4. ജി.എസ്.ടി നടപ്പിലാക്കാൻ ആവശ്യമുള്ള സാങ്കേതിക ഉപകരണങ്ങൾ, ഹാർഡ് വെയറുകൾ എന്നിവ സംഭരിക്കാനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**